## കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണം വകുപ്പ് - ആസ്തി വികസന പദ്ധതി - (എൽ.എ.സി-എ.ഡി.എസ്) - തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം നിയോജകമണ്ഡലത്തിലെ കാട്ടകാമ്പാൽ വാർഡ് നമ്പർ 5 ൽ അംഗൻവാടി കെട്ടിടം (നമ്പർ47) നിർമ്മിക്കുന്നതിനും കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ ഗ്രൗണ്ട് വിപുലീകരണത്തിനും ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനും- ഭരണാനുമതി നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.646/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 17/02/2016.**

പരാമർശം : 1) സഉ(അച്ചടി) 332/2012/ധന തീയതി. 11/06/2012.
2.തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ, 15/7/2015 ലെ ഡി.ബി.3/2872/2015/സി.ഇ /തസ്വഭവനം. കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം നിയോജകമണ്ഡലത്തിലെ ശ്രീ ബാബു.എം.പാലിശ്ശേരി എം.എൽ.എയുടെ ആസ്തി വികസന പദ്ധതിയിൻകീഴിൽ തൃശ്ശൂർ ജില്ലയിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ വാർഡ് നമ്പർ 5 ൽ അംഗൻവാടി കെട്ടിടം (നമ്പർ 47) നിർമ്മിക്കുന്നതിനും തൃശ്ശൂർ ജില്ലയിലെ കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ ഗ്രൗണ്ട് വിപുലീകരണത്തിനും ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുമുള്ള ഭരണാനുമതികൾക്കായി പരാമർശം 2 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ 110 ലക്ഷം രൂപയുടെ 2 എസ്റ്റിമേറ്റുകൾ സമർപ്പിക്കുകയുണ്ടായി

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരാമർശം 1 ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉത്തരവിലെ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും departmental formalities ഉം പാലിച്ചുകൊണ്ട് തൃശ്ശൂർ ജില്ലയിലെ കുന്ദംകുളം നിയോജകമണ്ഡലത്തിലെ ശ്രീ ബാബു.എം.പാലിശ്ശേരി എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും കുന്ദംകുളം നിയോജകമണ്ഡലത്തിലെ കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്തിൽ വാർഡ് നമ്പർ 5 ൽ അംഗൻവാടി കെട്ടിടം (നമ്പർ 47) നിർമ്മിക്കുന്നതിന് 10 ലക്ഷം രൂപയുടെ (രൂപ പത്ത് ലക്ഷം മാത്രം) എസ്റ്റിമേറ്റിൻമേലും കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ ഗ്രൗണ്ട് വിപുലീകരണത്തിനും ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനും 100 ലക്ഷം (രൂപ നൂറ് ലക്ഷം മാത്രം) രൂപയുടെ എസ്റ്റിമേറ്റിൻമേലും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

ഇതിലേയ്ക്കാവശ്യമായ തുക 4515-00-800-96 projects under LAC-ADS (NP) എന്ന ശീർഷകത്തിൽ നിന്നും വകയിരുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രത്നമ്മ .വി.**

**ഗവ.ജോയിൻറ് സെക്രട്ടറി**

ശ്രീ. ബാബു.എം.പാലിശ്ശേരി .എം.എൽ.എ കുന്ദംകുളം നിയോജകമണ്ഡലം(ആമുഖ കത്ത് സഹിതം)
ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് എൻജിനിയർ, തദ്ദേശസ്വയംഭരണ വകുപ്പ്,തൃശ്ശൂർ
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള,തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എൽ ബി എ& എ) കേരള.
സെക്രട്ടറി,കടവല്ലൂർ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
സെക്രട്ടറി,കാട്ടകാമ്പാൽ ഗ്രാമപഞ്ചായത്ത് , തൃശ്ശൂർ
ധനകാര്യ വകുപ്പ് (യു.ഒ.നം.4328 /എൻ.സി(സി-3)2016 തീയതി,27/01/2016)
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ